**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഒളവണ്ണയിലെ ബോട്ടാണിക്കൽ ഗാർഡനിലേക്ക് പുതിയ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഒളവണ്ണയിലെ ബോട്ടാണിക്കൽ ഗാർഡനിലേക്ക് പുതിയ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ; ഇതിനു വേണ്ടി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | **ഒളവണ്ണയിലെ മലബാർ ബോട്ടാണിക്കൽ ഗാർഡനിലേക്ക് പുതിയ റോഡ് നിർമ്മിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. നിലവിൽ മാങ്കാവ്-പന്തീരംകാവ് റോഡിലെ കോന്തനാരിയിൽ നിന്നും മലബാർ ബൊട്ടാണിക്കൽ ഗാർഡനിലേക്കു പോകുന്ന റോഡ് ബസുകൾക്ക് തിരിയാൻ വളരെ ബുദ്ധിമുട്ടുള്ള ഇടുങ്ങിയ വഴിയാണ്. ഗ്രൂപ്പുകളായി ഇവിടേയ്ക്ക് പഠന ഗവേഷണ ആവശ്യങ്ങൾക്കായി വരുന്ന വിദ്യാർത്ഥികൾക്കും മറ്റു സന്ദർശകർക്കും ഇത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.**<br><br>**ഇതിനൊരു ബദലായി, കോഴിക്കോട് ബൈപ്പാസ് റോഡിൽ (തൊണ്ടയാട് ബൈപ്പാസ്) നിന്നും ഏകദേശം 1 കിലോമീറ്റർ യാത്ര ചെയ്ത് ബോട്ടാണിക്കൽ ഗാർഡനിൽ എത്തുന്ന തരത്തിൽ ഒരു റോഡ് നിർമ്മാണത്തിന് മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 250 മീറ്റർ നീളത്തിൽ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.** |
| (ബി) | പരിസരവാസികൾ പതിറ്റാണ്ടുകളായി ഉപയോഗിച്ചു വന്ന വഴി ബോട്ടാണിക്കൽ ഗാർഡന്റെ കോംപൗണ്ട് കെട്ടി അടച്ചതിനാൽ തടസ്സപ്പെട്ടതായ പരാതി പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ? | (ബി) | പരിസരവാസികളുടെ സഞ്ചാരം തടസ്സപ്പെടുത്തുന്ന രീതിയിൽ ബൊട്ടാണിക്കൽ ഗാർഡൻ കോംപൗണ്ട് കെട്ടി അടച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ